പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 616 08/08/2017-ൽ മറുപടിക്ക്

# വൈദ്യുതി കണക്ഷൻ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.ഡി. പ്രസേനൻ** | | ശ്രീ. എം.എം.മണി (വൈദ്യുതി വകുപ്പ മന്ത്രി) |
| (എ) | സംസ്ഥാനത്ത് വനം വകുപ്പുമായി കേസ്സ് നടക്കുന്നതിനാൽ നിരവധി കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ഉണ്ട്. ഉൾപ്രദേശങ്ങളിൽ താമസിക്കുന്ന ഉപഭോക്താക്കൾക്ക് വനത്തിനുള്ളിൽകൂടി വൈദ്യുതി ലൈൻ വലിക്കേണ്ട സാഹചര്യങ്ങളിൽ വനം വകുപ്പിന്റെ അനുമതി ആവശ്യമാണ്. പ്രസ്തുത അനുമതി ലഭിക്കാത്ത സാഹചര്യത്തിൽ വികേന്ദ്രീകൃത ഉല്പാദനവും വിതരണവും (DDG) സംവിധാനത്തിലൂടെ വൈദ്യുതി എത്തിക്കാനാണ് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. എന്നാൽ DDG സംവിധാനത്തിലൂടെ വീട് വൈദ്യുതീകരിക്കുന്നതിനു പല ഉപഭോക്താക്കളും വിസമ്മതം പ്രകടിപ്പിച്ചിരുന്നു. വനം വകുപ്പിന്റെ അനുമതി ആവശ്യമുള്ള പക്ഷം ആയത് ലഭിക്കാതെ താൽക്കാലിക കണക്ഷൻ നൽകുവാൻ നിയമ പ്രകാരം സാധ്യമല്ല. |
| (ബി) | സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി മുഖാന്തരം ഇത്തരം കുടുംബങ്ങൾക്ക് കരാർ വ്യവസ്ഥയിൽ താൽകാലിക കണക്ഷൻ കൊടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ